# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 371

## 2020 ഫെബ്രുവരി 04, ചൊവ്വ

### കരാറുകാർക്ക് നൽകുവാനുള്ള ബിൽ തുക

| | ചോദ്യം<br>ശ്രീ.വി.ഡി. സതീശൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സർക്കാർ അഭിമുഖീകരിക്കുന്ന അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ എല്ലാ വകുപ്പുകളിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കരാറുകാർക്ക് നൽകുവാനുള്ള തുക ബിൽ ഡിസ്കൗണ്ട് സിസ്റ്റത്തിലൂടെ മാറ്റി നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പുകളിലെ കരാറുകാർക്ക് നടപ്പിലാക്കി വരുന്ന ബിൽ ഡിസ്കൗണ്ട് സിസ്റ്റം 15/01/2020 ലെ 7/2020/ധന നമ്പർ ഉത്തരവ് പ്രകാരം എല്ലാ വകുപ്പുകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും കരാറുകാർക്കും, വിതരണക്കാർക്കും, അംഗീകൃത ഏജൻസികൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര കോടി രൂപയുടെ കുടിശ്ശികയാണ് പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ കരാറുകാർക്ക് നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ; | പൊതുമരാമത്ത് (കെട്ടിട) വകുപ്പ്- 354.09 കോടി<br>പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പ്- 1154.60 കോടി<br>ജലവിഭവ വകുപ്പ്- 145.62 കോടി<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ- 252 കോടി |
| (സി) | ബിൽ ഡിസ്കൗണ്ട് സിസ്റ്റം നടപ്പിലാക്കുമ്പോൾ ബാങ്കുകൾക്ക് നൽകുവാനുള്ള പലിശയുടെ എത്ര ശതമാനം പലിശയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതെന്ന് വിശദീകരിക്കാമോ? | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പലിശ നൽകേണ്ടതില്ല. |

അക്കൗണ്ട്സ് ഓഫീസർ